**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മൂന്ന് മാസത്തിലൊരിക്കൽ രക്തദാനം നൽകുന്ന വിദ്യാർത്ഥികൾക്ക് രക്തദാനം നൽകുന്ന ദിവസം അവധിയും ഹാജരും അനുവദിച്ചുകൊണ്ടുള്ള തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 11471/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.11.2023

---

*പരാമർശം:*-1. സർക്കാർ കത്ത് നമ്പർ. ഇ 2/281/2023/ഉ.വി.വ. തീയതി 15.07.2023.

2.21.10.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ .38/23.07/73372/AC A1-2/2020.

3.13.11.2023 തീയതിയിൽ വൈസ് ചാൻസലർ നൽകിയ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലകളിലും മറ്റ് ക്യാമ്പസുകളിലും പഠിക്കുന്നതും രക്തദാനം നല്കുന്നവരുമായ വിദ്യാർത്ഥികൾക്ക് അന്നേ ദിവസം അവധി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് ലഭിച്ച കത്തിന്മേൽ പരാമർശം (1) പ്രകാരം സർവ്വകലാശാലയോട് അഭിപ്രായം തേടിയിരുന്നു.

പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിയ്ക്കുകയും പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം വിഷയത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളുകയും ചെയ്തു. സിൻഡിക്കേറ്റ് കൈക്കൊണ്ട തീരുമാനത്തോടൊപ്പം ചുവടെ ചേർക്കും വിധം അധിക നിർദേശങ്ങളും നൽകിക്കൊണ്ട് വൈസ് ചാൻസലർ , മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് (10)17 പ്രകാരം ഉത്തരവായിരിക്കുന്നു.

1. രക്തദാനം മൂന്ന് മാസത്തിൽ ഒരിക്കൽ നടത്താവുന്നതാണ്
2. രക്തം ദാനം ചെയ്തിട്ടുണ്ട് എന്ന് ബന്ധപ്പെട്ട ആശുപത്രികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം അവധിയും ഹാജരും അനുവദിക്കുന്നതാണ്
3. കോളേജ് പ്രിൻസിപ്പലിന്, പ്രസ്തുത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അവധിയും ഹാജരും അനുവദിയ്ക്കാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #5 of File 73372/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 14-Nov-2023 03:32 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ(ഇ) വകുപ്പ്
2. അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ
3. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
5. എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
6. പി.ആർ.ഒ / ഫ്രണ്ട് ഓഫീസ്/ ഐ.ക്യു.എ.സി / ഐ.റ്റി.സെൽ 1/2/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. ACC1/ACC2 / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8. വിവിധ ടാബുലേഷൻ / അക്കാഡമിക് സെക്ഷനുകൾ
9. റെക്കോർഡ് സെക്ഷൻ /സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 73372/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 14-Nov-2023 03:32 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം